"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആലത്തൂർ നിയോജകമണ്ഡലത്തിൽ വിവിധ സാമ്പത്തിക വർഷങ്ങളിലായി തദ്ദേശ സ്വയംഭരണ വകുപ്പിനെ ഏൽപ്പിച്ച ബജറ്റ് പ്രവൃത്തികളുടെ മേൽനോട്ട ചുമതല വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയോഗിച്ചുകൊണ്ടും ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Rt) No.573/2021/LSGD തീയതി,തിരുവനന്തപുരം, 24/02/2021

പരാമർശം:- 1 15.01.2021-ൽ ശ്രീ.കെ.ഡി. പ്രസേനൻ, എം.എൽ.എ കേരള നിയമസഭ മുമ്പാകെ സമർപ്പിച്ച സബ്മിഷൻ.

2 16.01.2021-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കത്ത് നം ഇ.2/237/2021/എൽ.എ.(എസ്)/സി.ഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യു

**ഉത്തരവ്**

ആലത്തൂർ നിയോജകമണ്ഡലത്തിൽ വിവിധ സാമ്പത്തിക വർഷങ്ങളിലായി തദ്ദേശ സ്വയംഭരണ വകുപ്പിനെ ഏല്പിച്ച ബജറ്റ് പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ആയതിന്റെ മേൽനോട്ടത്തിന് മണ്ഡലം തല ചുമതല ഏതെങ്കിലും ജില്ലാതല ഉദ്യോഗസ്ഥന് നൽകുന്നതിനും തയ്യാറാവണമെന്ന ആവശ്യപ്പെട്ട് കേരള നിയമസഭ മുമ്പാകെ ശ്രീ. കെ.ഡി. പ്രസേനൻ, എം.എൽ.എ പരാമർശം (1) പ്രകാരം സബ്മിഷൻ സമർപ്പിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിനെ ഏല്പിച്ച ബജറ്റ് പ്രവർത്തികൾക്ക് Land survey, Soil Investigation, Design എന്നിവയ്ക്കുള്ള തുക പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും മേൽ പറഞ്ഞ കാര്യങ്ങൾ നടത്തുന്നതിനുള്ള സാങ്കേതിക സംവിധാനങ്ങൾ തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ ലഭ്യമല്ലാത്തതിനാൽ ഈ പ്രവർത്തനങ്ങൾ വിവിധ ഏജൻസികളെ ആശ്രയിച്ചാണ് നടത്തി വരുന്നതെന്നും ഇപ്രകാരം ഫണ്ട് ലഭ്യമല്ലാതിരുന്നത് മൂലമാണ് കാലതാമസം ഉണ്ടായത് എന്നും പരാമർശം (2) പ്രകാരം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലത്തൂർ നിയോജകമണ്ഡലത്തിലെ ചുവടെ ചേർക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ മേൽനോട്ട ചുമതല വഹിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയോഗിച്ചുകൊണ്ടും പ്രസ്തുത പ്രവൃത്തികൾക്ക് ഇൻവെസ്റ്റിഗേഷൻ ,ഡിസൈൻ എന്നിവയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് പാലക്കാട് ജില്ലാ പഞ്ചായത്തിന് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു-

| ക്രമ നം | പ്രവർത്തിയുടെ പേര് |
|---|---|

| | |
|---|---|
| 1 | ചുള്ളിമട മാരാക്കാവ് മലയഭഗവതി ചിതലിപ്പാലം റോഡ് എരിമയൂർ ഗ്രാമ പഞ്ചായത്ത് |
| 2 | തൃപ്പാളൂർ ശിവക്ഷേത്രത്തിലേക്ക് ഗായത്രിപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മാണം, എരിമയൂർ ഗ്രാമ പഞ്ചായത്ത് |
| 3 | അരിയക്കോട് ചെക്ക് ഡാം നിർമ്മാണം- എരിമയൂർ ഗ്രാമ പഞ്ചായത്ത് |
| 4 | കയറാംകുളം-ഇലമന്ദം-രക്കീരാംപറമ്പ് കിഴക്കേത്തറ - ചിമ്പക്കോട് - പെരുങ്കുന്നം കനാൽ ബണ്ട് റോഡ് |
| 5 | ആലത്തൂർ ബൈപാസ് റോഡ് |
| 6 | അക്വാട്ടിക് അക്കാദമി നിർമ്മാണം - ആലത്തൂർ ഗ്രാമ പഞ്ചായത്ത് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN
JOINT SECRETARY

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട്

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by REENAMMA P A
Date: 2021.02.24 16:51:09 IST
Reason: Approved

സെക്ഷൻ ഓഫീസർ